**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3403** **26-10-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ എഫ്.പി.ഒ. (ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ) പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ നിലവിൽ പ്രവർത്തിക്കുന്ന എഫ്.പി.ഒ. കളുടെ പേരുകളും മറ്റ് വിവരങ്ങളും വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (എ) | കൃഷി വകുപ്പിന്റെ കീഴിൽ ആർ.കെ.വി.വൈ പദ്ധതി പ്രകാരം എസ്.എഫ്.എ.സി. മുഖേന മലപ്പുറം ജില്ലയിൽ 3 പുതിയ എഫ്.പി.ഒ.കൾ ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ നിലവിലുള്ള 3 എഫ്.പി.ഒ.കളെ ശാക്തീകരിക്കുകയും ചെയ്യുന്നു. ഇതിനായി ശാക്തീകരിക്കേണ്ട എഫ്.പി.ഒ. കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വി.എഫ്.പി.സി.കെ. മുഖേന 2 പുതിയ എഫ്.പി.ഒ. കളും മലപ്പുറം ജില്ലയിൽ രൂപീകരിച്ചിട്ടുണ്ട്. ജില്ലയിൽ പുതുതായി ആരംഭിച്ചിട്ടുള്ള എഫ്.പി.ഒ.കളുടെ വിവരങ്ങൾ അനുബന്ധം-1 ൽ ചേർത്തിരിക്കുന്നു. |
| (ബി) | മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന വിപണനത്തിൽ ഇത്തരം എഫ്.പി.ഒ. കളുടെ ഇടപെടൽ ജില്ലയിൽ എത്രമാത്രം ഗുണകരമായി എന്ന് വ്യക്തമാക്കുമോ; | (ബി) | എഫ്.പി.ഒ-കളുടെ രൂപീകരണം ജില്ലയിൽ തുടക്കഘട്ടത്തിൽ ആയതിനാൽ മൂല്യവർദ്ധിത ഉത്പാദന വിപണനത്തിൽ എഫ്.പി.ഒ-കളുടെ ഇടപെടൽ വിലയിരുത്തപ്പെട്ടിട്ടില്ല. |
| (സി) | എഫ്.പി.ഒ. കൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | പുതുതായി രൂപീകരിച്ചിട്ടുള്ള എഫ്.പി.ഒ.കൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. നിലവിലുള്ള എഫ്.പി.ഒ. കളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അവയുടെ പ്രവർത്തനങ്ങൾ പഠനം നടത്തി, ബിസിനസ് പ്ലാൻ, എക്സ്പോർട്ട് പ്ലാൻ എന്നിവ മെച്ചപ്പെടുത്തുവാനും, വിവിധ ഏജൻസികൾ നൽകുന്ന ആനുകൂല്യങ്ങൾ നേടിയെടുക്കുവാനുമുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

| ക്രമ നം. | എഫ്.പി.ഒ.കളുടെ പേരുവിവരം | പ്രവർത്തന പരിധി വില്ലേജ് |
|---|---|---|
| 1 | എടയൂർ ചില്ലി ഗ്രോവേഴ്സ് അസോസിയേഷൻ | എടയൂർ, ഇരിമ്പിളിയം, ആതവനാട്, കുറുമ്പത്തൂർ, കാട്ടിപ്പരുത്തി |
| 2 | പെരിന്തൽമണ്ണ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ | ആലിപ്പറമ്പ്, ആനമങ്ങാട്, അങ്ങാടിപ്പുറം, വലമ്പൂർ, ഏലംകുളം, കീഴാറ്റൂർ, നെന്മിനി, മേലാറ്റൂർ, താഴെക്കോട്, അരക്കുപറമ്പ്, പുലാമന്തോൾ, കുരുവമ്പലം, പെരിന്തൽമണ്ണ, പാതായിക്കര, വെട്ടത്തൂർ, കാര്യവട്ടം, |
| 3 | തിരൂർ വെറ്റില ഉല്പാദക സംഘം | താനൂർ, പരിയാപുരം, പൊന്മുണ്ടം, ഒഴൂർ, താനാളൂർ, പെരുമണ്ണക്ലാരി, ചെറിയമുണ്ടം, വളവന്നൂർ, തിരുനാവായ, ആതവനാട്, തലക്കാട്, തിരൂർ, തൃക്കണ്ടിയൂർ, എ. ആർ. നഗർ, വേങ്ങര, എടരിക്കോട്, പറപ്പൂർ, കണ്ണമംഗലം, തെന്നല, കാട്ടുപ്പരുത്തി, മാറാക്കര, മേൽമുറി, ഇരിമ്പിളിയം, എടയൂർ, കുറുമ്പത്തൂർ, കോട്ടക്കൽ, ഒതുക്കുങ്ങൽ, പൊന്മള, മലപ്പുറം, കോഡൂർ, മൊറയൂർ, പാണക്കാട്. |
| 4 | ഒതായി മൈത്രി ഫാർമർ പ്രൊഡ്യൂസർ കമ്പനി | ഒതായി, പേരകമണ്ണ. |
| 5 | തിരുവാലി മൈത്രി ഫാർമർ പ്രൊഡ്യൂസർ കമ്പനി | തിരുവാലി. |

SECTION OFFICER